**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധിത മേഖലകളിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) | ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് (SND) ആയും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) സ്റ്റേറ്റ് നോഡൽ ഏജൻസി (SNA) ആയും പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതി മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് സാമ്പത്തിക, സാങ്കേതിക, വിപണന പിന്തുണ നൽകുന്നതിനായി രൂപവത്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതി. ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്.<br><br>2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് സാമ്പത്തിക വർഷ കാലയളവിൽ 10,000 കോടി രൂപയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി സഹകരിച്ച് 60:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന "സംരംഭക സഹായ പദ്ധതി" , "മാർജിൻമണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്" , "ഒരു കുടുംബം ഒരു സംരംഭം", "നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട |

സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി" എന്നിവയിൽ, ഭക്ഷ്യസംസ്കരണ മൂല്യ വർദ്ധിത വ്യവസായ യൂണിറ്റുകൾക്കും പദ്ധതി നിബന്ധനകൾക്കു വിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)</u>**

ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. **സംരംഭക സഹായ പദ്ധതിയിൽ ഭക്ഷ്യസംസ്കരണ മേഖലയിലുള്ള MSME യൂണിറ്റുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10 ശതമാനം അധിക സബ്സിഡി അനുവദിച്ചു വരുന്നു.**

**<u>2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്</u>** ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപാ വരെയുള്ളതും, ഉല്പാദന മേഖല, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**<u>3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ഈ പദ്ധതി വഴി നൽകുന്നു.

**<u>4. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായ നൽകുന്ന പദ്ധതി</u>**

**നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.**

(ബി) പ്രസ്തുത മേഖലകളിൽ നിക്ഷേപത്തിന് താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് ആഗോളനിക്ഷേപകർ സമീപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) **സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ ആഗോളനിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ പലവിധ പരിപാടികൾ നടത്തിവരുന്നു. ഇവയിൽ സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി നാളിതുവരെ 60ൽ അധികം യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ മേഖലയിലുള്ള നിരവധി സംരംഭങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങളിലോ പദ്ധതിയുടെ പ്രാരംഭ നടപടികളുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ഇതിൽ ഭക്ഷ്യസംസ്കരണ മേഖലയിലെ സംരംഭങ്ങളും ഉൾപെട്ടിട്ടുണ്ട്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ ടി പരിപാടികൾ പ്രധാന പങ്ക് വഹിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്.**

(സി) വ്യവസായ സൗഹൃദ അന്തരീക്ഷം പ്രയോജനപ്പെടുത്തി ഭക്ഷ്യസംസ്കരണ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി ഭക്ഷ്യസംസ്കരണ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ ഈ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യസംസ്കരണ മേഖലയിൽ രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ ജില്ലാ തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| **ജില്ല** | **2022-23** | **2023-24** | **ആകെ** |
|---|---|---|---|
| തിരുവനന്തപുരം | 1950 | 2357 | 4307 |
| കൊല്ലം | 2099 | 2056 | 4155 |
| പത്തനംതിട്ട | 932 | 1034 | 1966 |
| ആലപ്പുഴ | 1907 | 2041 | 3948 |
| കോട്ടയം | 1720 | 1663 | 3383 |
| ഇടുക്കി | 935 | 1090 | 2025 |
| എറണാകുളം | 1895 | 2684 | 4579 |
| തൃശ്ശൂർ | 2428 | 2537 | 4965 |
| പാലക്കാട് | 1651 | 1922 | 3573 |
| മലപ്പുറം | 2089 | 2640 | 4729 |
| കോഴിക്കോട് | 1987 | 2484 | 4471 |
| വയനാട് | 576 | 763 | 1339 |
| കണ്ണൂർ | 2582 | 1955 | 4537 |
| കാസർഗോഡ് | 722 | 1078 | 1800 |
| **ആകെ** | **23473** | **26304** | **49777** |

| | | | |
|---|---|---|---|
| | | | |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ  ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനായി 2526 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. അതിനനുസൃതമായി 2024 മാർച്ച് 31 വരെ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 2548 വായ്പകൾ അനുവദിച്ചു.<br><br>അപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ 102% ലക്ഷ്യ പൂർത്തീകരണം സാധ്യമാക്കി ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ